# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകം

2023 ഡിസംബർ 2 ശനിയാഴ്ച രാവിലെ 7.30 മണി

എസ്. സി. എസ് ക്യാമ്പസ്, തിരുവല്ല

## സഭാ സെക്രട്ടറിയുടെ അറിയിപ്പ്

2023 ഡിസംബർ 2-ാം തീയതി ശനിയാഴ്ച തിരുവല്ല എസ്. സി. സെമിനാരി ഗ്രൗണ്ടിൽ നടക്കുന്ന എപ്പിസ്കോപ്പൽ സ്ഥാനാഭിഷേക ശുശ്രൂഷയിലേക്ക് ഏവർക്കും സ്വാഗതം. സംബന്ധിക്കുന്ന ഏവരും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് ഈ ശുശ്രൂഷ അനുഗ്രഹപ്രദമാക്കുവാൻ സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

(1) **പ്രവേശന കവാടങ്ങൾ:**

(1) എസ്. സി. എസ്. മെയിൻ ഗേറ്റ് (വാഹന പ്രവേശനം പാസ്സ് മൂലം)

(2) എം. സി. റോഡിൽ കുരിശു കവലയിൽ ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ആഡിറ്റോറിയത്തിന് മുൻവശത്തുള്ള ഗേറ്റ് (വാഹന പ്രവേശനം പാസ്സ് മൂലം)

(3) ചെയർമാൻസ് റോഡിൽ നിന്നുള്ള ഗേറ്റ് (വാഹന പ്രവേശനം പാസ്സ് മൂലം)

(4) റ്റി. കെ. റോഡിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം മാർത്തോമ്മാ കൊമേഴ്സ്യൽ ബിൽഡിംഗിലുള്ള യൂണിയൻ ബാങ്കിനു സമീപത്തുകൂടെയുള്ള ഗേറ്റ് (ഈ ഗേറ്റിൽ കൂടെ വാഹനങ്ങൾക്ക് പ്രവേശനമില്ല).

(2) **സ്ഥല പരിമിതി ഉള്ളതിനാൽ കാർ പാസ്സ് ലഭിച്ചിട്ടുള്ളവരുടെ വാഹനങ്ങൾക്ക് മാത്രമേ എസ്. സി. എസ് ക്യാമ്പസിലേക്ക് പ്രവേശനം ഉണ്ടായിരിക്കുകയുള്ളു.**

(3) **വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ക്രമീകരിച്ചിട്ടുള്ള മറ്റു സ്ഥലങ്ങൾ**

(1) തിരുവല്ല വൈ. എം. സി. എ യ്ക്ക് സമീപം റ്റി. കെ. റോഡിലുള്ള മുനിസിപ്പൽ മൈതാനം

(2) തിരുവല്ല എം. ജി. എം. ഹയർ സെക്കണ്ടറി സ്കൂൾ മൈതാനം

(3) മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ, കുറ്റപ്പുഴ

(4) കുറ്റപ്പുഴ ജറുശലേം മാർത്തോമ്മാ പള്ളി ക്യാമ്പസ്

(5) സെന്റ് ജോൺസ് കത്തീഡ്രൽ ക്യാമ്പസ്, തിരുവല്ല.

(6) മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ക്യാമ്പസ്, കൊമ്പാടി, തിരുവല്ല

(7) മാർത്തോമ്മാ സേവികാ സംഘം ക്യാമ്പസ്, മഞ്ഞാടി, തിരുവല്ല

(8) തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലുള്ള പാർക്കിംഗ് സ്ഥലം (കെ.എസ്.ആർ.ടി.സിയുടെ സ്ഥലത്ത് പാർക്കിംഗ് ഫീസ് നൽകണം).

വാഹനങ്ങളിൽ എത്തുന്നവരെ എസ്. സി. എസ് ക്യാമ്പസിനു സമീപം ഇറക്കിയതിനു ശേഷം വാഹനങ്ങൾ ടി സ്ഥലങ്ങളിൽ പാർക്ക് ചെയ്യേണ്ടതാണ്. പാർക്കിംഗിനുള്ള സ്ഥലപരിമിതി മനസ്സിലാക്കി വാഹനങ്ങൾ ഷെയർ ചെയ്ത് വരുന്നത് സഹായകരമായിരിക്കും.

റ്റൂ വീലറുകളിൽ എത്തുന്നവർ ചെയർമാൻസ് റോഡിലൂടെ പ്രവേശിച്ച് എസ്.സി.എസ് ക്യാമ്പസിലുള്ള ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളജ് ലേഡീസ് ഹോസ്റ്റലിനു സമീപത്തുള്ള സ്ഥലത്ത് വാഹനം പാർക്ക് ചെയ്യേണ്ടതാണ്.

(4) അന്നേ ദിവസം രാവിലെ 7 മണിക്ക് മുമ്പ് എല്ലാവരും പന്തലിൽ പ്രവേശിക്കേണ്ടതാണ്. കസേരകൾക്ക് പാസ്സ് ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വിശിഷ്ടാതിഥികൾ, പട്ടക്കാർ, ഗായക സംഘാംഗങ്ങൾ, പ്രൊസഷനിൽ പങ്കെടുക്കുന്നവർ, നിയുക്ത എപ്പിസ്കോപ്പാമാരുടെ കുടുംബാംഗങ്ങൾ, മാധ്യമ പ്രവർത്തകർ എന്നിവർക്കായി വേർതിരിച്ചിരിക്കുന്ന ഇരിപ്പിടങ്ങളിൽ ഒഴികെയുള്ള സ്ഥലങ്ങളിൽ ഇരിക്കാവുന്നതാണ്.

(5) എല്ലാവർക്കും സൗകര്യപ്രദമായി ശുശ്രൂഷയിൽ പങ്കെടുക്കത്തക്കവിധം ക്ലോസ്ഡ് സർക്യൂട്ട് റ്റി. വി യും മറ്റു സൗകര്യങ്ങളും ക്രമീകരിക്കുന്നതാണ്.

(6) പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ഉച്ചഭക്ഷണം, കുടിവെള്ളം, മെഡിക്കൽ സഹായ ബൂത്തുകൾ, ശുചിമുറികൾ എന്നിവ ക്രമീകരിക്കുന്നതാണ്.

(7) അഭിനവ എപ്പിസ്കോപ്പാമാരെ അനുമോദിക്കുന്നതിന് സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് ശേഷം അന്നേദിവസം 11 മണിക്ക് നടത്തുന്ന അനുമോദന സമ്മേളനത്തിലും എല്ലാവരുടെയും സാന്നിദ്ധ്യം ക്ഷണിച്ചുകൊള്ളുന്നു.

(8) സഭാ സെക്രട്ടറിയുടെ അനുമതിയില്ലാതെ എസ്. സി. എസ് ക്യാമ്പസിലോ പ്രവേശന കവാടങ്ങളിലോ ഫ്ളക്സ് ബോർഡുകൾ വയ്ക്കുവാൻ പാടില്ല.

(9) ക്രമീകരണങ്ങളിൽ വോളന്റിയർമാർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.

സ്ഥാനാഭിഷേക ശുശ്രൂഷ സഭയ്ക്കും ദൈവരാജ്യത്തിനും അനുഗ്രഹകരമായിത്തീരുന്നതിന് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നും പ്രാർത്ഥനപൂർവം പങ്കെടുക്കണമെന്നും താത്പര്യപ്പെടുന്നു.

റവ. എബി റ്റി. മാമ്മൻ,<br>
സഭാ സെക്രട്ടറി.